# സഭാ വളർച്ചയുടെ വെല്ലുവിളി

സഭ വളരണമെന്നു ദൈവം ആഗ്രഹിക്കുന്നു. ഈ കാര്യത്തിൽ, മിക്ക സഭാദ്ധ്യക്ഷന്മാരും ആഗ്രഹിക്കുന്നത് ദൈവം ആഗ്രഹിക്കുന്ന സഭയോട് യോജിക്കുവാനാണ്.

കഴിഞ്ഞ കാലത്ത് സഭ വളർന്നിട്ടുണ്ട്. 1964-ൽ, ബുള്ളെറ്റിനിൽ വന്ന ലേഖനങ്ങൾ വ്യക്തമാക്കുന്നത് "അമേരിക്കൻ സഭകളുടെ വാർഷിക പുസ്തക പ്രകാരം, കഴിഞ്ഞ ഇരുപതു വർഷമായിട്ടു മതപരമായ കൂട്ടങ്ങളിൽ ഏറ്റവും കൂടുതൽ വളർന്നതും വളരുന്നതും ക്രിസ്തുവിന്റെ സഭകളാണ് എന്നാണ്." 1941 മുതൽ 1961 വരെ സഭ വളർന്നിരിക്കുന്നതു 580 ശതമാനമാണ് എന്നു ആ വാർഷിക പുസ്തകം ചൂണ്ടികാണിക്കുന്നു![1]

എങ്ങനെയായാലും, കണക്കുകൾ സൂചിപ്പിക്കുന്നത് അമേരിക്കയിലെ കർത്താവിന്റെ സഭയുടെ ആ വളർച്ചയുടെ കാലം അവസാനിക്കുകയും അതിനെ തുടർന്ന് ഒരേ നിലയിൽ തന്നെ സഭകൾ നില്ക്കുകയോ, അല്ലെങ്കിൽ ചെറിയ തോതിൽ കുറയുക പോലും ചെയ്തു. എന്നാൽ അടുത്ത കാലത്തു അമേരിക്കയിൽ ക്രിസ്തുവിന്റെ സഭകളെ, മൊത്തത്തിൽ പരിഗണിച്ചപ്പോൾ, വീണ്ടും വളരുവാൻ തുടങ്ങിയതായി അറിയാൻ കഴിഞ്ഞു.[2]

അവർ നയിക്കുന്ന ഇടവകകൾ വളരുന്നില്ല എന്ന വസ്തുതയാണ് സഭാദ്ധ്യക്ഷന്മാർ പലപ്പോഴും കാണാറുള്ളത്. അദ്ധ്യക്ഷന്മാർക്ക് സഭ വളരണമെന്ന ആഗ്രഹമുണ്ടെങ്കിലും, പല സഭകളും ഓരോ വർഷവും പഴയ എണ്ണത്തിൽ തന്നെ നില്ക്കുകയും, ചിലത് ക്ഷയിച്ചു പോവുകയും ചെയ്യുന്നു. കണക്കനുസരിച്ചു വളരുന്ന ഇടവകകൾക്കു പോലും (അംഗസംഖ്യയിലും, ഹാജരിലും, കൂടാതെ ധർമ്മശേഖരത്തിലും) "വാസ്തവത്തിലുള്ള" വളർച്ച ഉണ്ടാകുന്നില്ല. മറ്റു ക്രിസ്തുവിന്റെ സഭകളിൽ നിന്നു അവർക്കു അംഗങ്ങളെ ലഭിക്കുന്നുണ്ടാകാം, പക്ഷെ ആരെയും സ്നാനപ്പെടുത്തുന്നില്ല - അത് പ്രാദേശിക സഭയ്ക്കു ഉപകാരപ്രദമാണ്, പക്ഷെ രക്ഷിക്കപ്പെട്ടവരുടെ സംഖ്യയെ അതു വർദ്ധിപ്പിക്കുകയില്ല.

സഭ വളരാതിരിക്കുന്ന അല്ലെങ്കിൽ മന്ദഗതിയിൽ വളരുന്ന പ്രശ്നത്തെ എങ്ങനെ പരിഹരിക്കാമെന്നു കണ്ടെത്തുകയാണ് സഭാ വളർച്ചയുടെ വെല്ലുവിളി.

ഈ പ്രശ്നത്തിനു പരിഹാരങ്ങൾ നിർദ്ദേശിക്കുന്നതിനു മുൻപു, സഭാ വളർച്ച ദൈവം കല്പിച്ചിട്ടില്ല എന്നു നാം ശ്രദ്ധിക്കുക. മറിച്ചു, ദൈവം ആവശ്യപ്പെടുന്നത് വിശ്വസ്തതയാണ്. നാം അവന്റെ വചനം വിശ്വസ്തമായി പ്രസംഗിക്കയും ഉപദേശിക്കയും വേണം എന്നവൻ കല്പിക്കുന്നു. ഒരു സഭ അംഗസംഖ്യയിൽ വളരാതെയിരുന്നാൽ പോലും ദൈവവചനം വിശ്വസ്തമായി അറിയിച്ച് ദൈവത്തെ പ്രസാദിപ്പിക്കുവാൻ സാധ്യതയുണ്ട്. എന്നിരുന്നാലും, അവൻ സഭാ വളർച്ച ആഗ്രഹിക്കുന്നതുകൊണ്ടു (അംഗസംഖ്യാ വളർച്ചയടക്കം), നാം വളർച്ചക്കുള്ള വഴികൾ അന്വേഷിക്കുന്നത് നല്ലതാണ്. ഇതാ ചില നിർദ്ദേശങ്ങൾ, അതനുസരിച്ചാൽ, സഭാവളർച്ചക്ക് സഹായകരമായേക്കാം. സഭാ വളർച്ചക്കുള്ള ഏഴു പടികൾ നമുക്കു പരിശോധിക്കാം.[3]

## നടപടി 1: സഭ വളരണമെന്നു ദൈവം ആഗ്രഹിക്കുന്നു എന്നു തിരിച്ചറിയുക

ഒന്നാമതു, മനുഷ്യർ നഷ്ടപ്പെട്ടു പോകാതെ രക്ഷപ്രാപിക്കണമെന്നാണ് ദൈവേഷ്ടം എന്നു നാം തിരിച്ചറിയണം (ലൂക്കൊസ് 19:10; 2 പത്രൊസ് 3:9). എല്ലാ ദേശത്തെയും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ആളുകളെ കുറിച്ചുള്ള അവന്റെ വിചാരം പ്രകടമാക്കിയിരിക്കുന്നതു സഭാവളർച്ചയെ അവൻ ആഗ്രഹിക്കുന്നു എന്നാണ്. അവൻ അബ്രഹാമിനെ വിളിച്ചതു “ഭൂമിയിലെ സകല വംശങ്ങളും” അവൻ മുഖാന്തരം അനുഗ്രഹിക്കപ്പെടേണ്ടതിനാണ് (ഉല്പത്തി 12:3). അവന്റെ സന്ദേശവും അവന്റെ രാജ്യവും ലോകം മുഴുവൻ വ്യാപിക്കണം എന്നാണ് അവന്റെ ആഗ്രഹം എന്നു സൂചിപ്പിച്ചിരിക്കുന്നു (യെശയ്യാവു 11:9; ഹബക്കൂക്ക് 2:14; ദാനിയേൽ 2:35). രാജ്യം ഒരു കടുകുമണി പോലെയും പുളിച്ച മാവു പോലെയും വളരുമെന്നു, യേശു പഠിപ്പിക്കയുണ്ടായി (മത്തായി 13:31–33). അവന്റെ ശിഷ്യന്മാരോടുള്ള കല്പന അവർ “ലോകമെങ്ങും പോയി സകല ജാതികളെയും ശിഷ്യരാക്കികൊൾവിൻ” എന്നായിരുന്നു (മത്തായി 28:19; ഒത്തു വാക്യം. മർക്കൊസ് 16:15; ലൂക്കൊസ് 24:47). “ഭൂമിയുടെ അറ്റത്തോളം സാക്ഷികൾ ആകേണ്ടവരായിരുന്നു” അപ്പൊസ്തലന്മാർ (പ്രവൃത്തികൾ 1:8). അവസാനം, സ്വർഗ്ഗത്തിൽ “സകല ജാതികളിലും ഗോത്രങ്ങളിലും വംശങ്ങളിലും ഭാഷകളിലും നിന്നുള്ളതായി, ആർക്കും എണ്ണിക്കൂടാത്ത ഒരു മഹാപുരുഷാരം, വെള്ളനിലയങ്കി ധരിച്ചു കയ്യിൽ കുരുത്തോലയുമായി സിംഹാസനത്തിനും കുഞ്ഞാടിനും മുമ്പാകെ നില്ക്കുന്നു. ...” (വെളിപ്പാട് 7:9).

സഭയുടെ വളർച്ച ദൈവം ആഗ്രഹിക്കുന്നതു പ്രവൃത്തികളിൽ കൂടുതൽ വ്യക്തമാണ്, അവിടെ അവൻ ലൂക്കൊസിനെ ആ പുസ്തകത്തിൽ വളരെയധികം സൂചനകളിൽ “പുരോഗതിയുടെ വിവരണം” ഉൾപ്പെടുത്തുവാൻ പ്രചോദിപ്പിക്കുന്നു. പെന്തെക്കൊസ്തു നാളിൽ 3,000 പേർ ക്രിസ്ത്യാനികളായി തീർന്നു (പ്രവൃത്തികൾ 2:41). പിന്നെ ദിവസന്തോറും

സഭയോടു ചേർക്കപ്പെട്ടിരുന്നു (2:47), അധികം കഴിയാതെ പുരുഷന്മാർ തന്നെ സഭയിൽ 5,000 ആയി (4:4). അതിനുശേഷം, ധാരാളം സ്ത്രീകളും പുരുഷന്മാരും സഭയോടു ചേർക്കപ്പെടുകയും (5:14), ശിഷ്യന്മാരുടെ എണ്ണം വർദ്ധിച്ചുകൊണ്ടുമിരുന്നു (6:1, 7; 9:31; 16:5). വിവിധ സ്ഥലങ്ങളിൽ ക്രിസ്ത്യാനികളായി തീർന്നവർ "അനേകർ" ആയി (9:42), "വലിയൊരു കൂട്ടം" ആയി (11:21), "വളരെ പുരുഷാരം" (11:24), "വലിയൊരു പുരുഷാരം" (14:1), "അനേകർ" (14:21), "ഒരു ... വലിയ കൂട്ടവും ... അനേകരും" (17:4), "അനേകർ" (17:12), വീണ്ടും "അനേകർ" (18:8). ഫലമോ ദൈവവചനം വ്യാപിക്കുകയും തുടർച്ചയായി മുന്നേറി "മേൽക്കുമേൽ" പരന്നു (12:24), "ആ നാട്ടിൽ എങ്ങും വ്യാപിച്ചു" (13:49), "ശക്തിയോടെ പരന്നു പ്രബലപ്പെട്ടു (19:20).

ദൈവത്തിനു നഷ്ടപ്പെട്ടവരോടുള്ള കരുതൽ ക്രിസ്തുവിലും പ്രകടമാണ്, അവൻ "നമ്മോടു കൂടെയുള്ള ദൈവം" ആണ്. സഭാ വളർച്ചയെ യേശു ഇഷ്ടപ്പെടുന്നതു ഇങ്ങനെ ചിത്രീകരിച്ചിരിക്കുന്നു:

*ക്രിസ്തുവിനു ഇഷ്ടമായിരുന്നില്ല ...*

- പിടിക്കാതെയുള്ള മീൻപിടിത്തം
- കാലിയായ ഭക്ഷണ മേശകൾ
- കൊയ്ത്തുകൂടാതെയുള്ള വിതകൾ
- ഫലം കായ്ക്കാത്ത അത്തി
- കൂട്ടത്തിലേക്കുകൊണ്ടുവരാത്ത കാണാതെ പോയ ആടുകൾ
- അന്വേഷിച്ചു കണ്ടെത്താത്ത നാണയം
- കൊയ്യാത്ത വിളവെടുപ്പു
- പ്രതികരണമില്ലാത്ത പ്രഖ്യാപനം
- പിതാവിന്റെ ഭവനത്തിനു പുറത്തുള്ള പുത്രന്മാരും പുത്രിമാരും.[4]

ഒരുപക്ഷെ, ദൈവം അംഗസംഖ്യയിൽ മാത്രമല്ല വളർച്ച ആഗ്രഹിക്കുന്നത്; സഭ ആത്മിയമായും വളരുവാൻ അവൻ ആഗ്രഹിക്കുന്നു (എഫെസ്യർ 4:11–16). അംഗസംഖ്യക്കുവേണ്ടി നാം സത്യത്തെ ബലികഴിക്കുവാനും അവൻ ആഗ്രഹിക്കുന്നില്ല (യോഹന്നാൻ 17:17). എന്നിരുന്നാലും, നാം നഷ്ടപ്പെട്ടവർക്കുവേണ്ടി ദൈവസ്നേഹം പങ്കുവയ്ക്കേണ്ടവരാണെങ്കിൽ, നാം സഭയുടെ അംഗസംഖ്യാ വളർച്ചയിലും - നഷ്ടപ്പെട്ട കഴിവതും അധികം പേരെ രക്ഷിക്കുവാൻ ശ്രമിക്കുന്നതിലും നാം തല്പരരായിരിക്കേണ്ടതുണ്ട്.

### നടപടി 2: പ്രാർത്ഥിക്കുക

സഭ വളരണമെന്നുണ്ടെങ്കിൽ, സഭ പ്രാർത്ഥിക്കണം. എന്തുകൊണ്ട്? *ഒന്നാമതു, സഭയുടെ വളർച്ച നമ്മിൽ മാത്രം ആശ്രയിച്ചല്ല ഇരിക്കുന്നത്.* അതു കേൾക്കുന്നവരുടെ പ്രതികരണശേഷിയെ ആശ്രയിച്ചിരിക്കുന്നു. വിതെക്കുന്നവന്റെ ഉപമ (മത്തായി 13:1–23) നമ്മെ പഠിപ്പിക്കുന്നതു വിതെ

ക്കുന്ന അതേ ആൾക്കു അതേ വിത്ത് അതേ രീതിയിൽ വിതെക്കാം, കേൾവിക്കാരുടെ പ്രതികരണമനുസരിച്ച് ഫലം വ്യത്യസ്തമായിരിക്കും. കൂടാതെ അതു ദൈവത്തിലും ആശ്രയിച്ചാണിരിക്കുന്നത്, കാരണം അവനാണ് വളർച്ച നൽകുന്നത് (1 കൊരിന്ത്യർ 3:6). പ്രതികരണശേഷിയുള്ള ഹൃദയങ്ങൾക്കും ദൈവം കൊയ്ത്തു തരേണ്ടതിനും നാം പ്രാർത്ഥിക്കേണ്ടതുണ്ട്. *രണ്ടാമത്, പ്രാർത്ഥന ഫലപ്രദമാണ്.* ബൈബിൾ പഠിപ്പിക്കുന്നതു നാം ചോദിക്കയും, അന്വേഷിക്കയും, മുട്ടുകയും ചെയ്താൽ, നാം തേടുന്നതു കണ്ടെത്തുമെന്നും (മത്തായി 7:7, 8), ദൈവത്തിന്റെ ഇഷ്ടപ്രകാരം നാം എന്തെങ്കിലും അപേക്ഷിച്ചാൽ നമുക്ക് അറിയാം അവൻ അതു കേൾക്കുകയും നാം ചോദിച്ചത് നല്കുകയും ചെയ്യുമെന്നും (1 യോഹന്നാൻ 5:14, 15). *മൂന്നാമത്, യേശു നമ്മോടു പറഞ്ഞു "കൊയ്ത്തിന്റെ യജമാനനോടു കൊയ്ത്തിലേക്കു വേലക്കാരെ അയക്കേണ്ടതിനു യാചിപ്പിൻ" (മത്തായി 9:38).* സഭ വളരണമെന്നു വാസ്തവത്തിൽ സഭാദ്ധ്യക്ഷന്മാർ ആഗ്രഹിക്കുന്നു എങ്കിൽ, അതു തുടങ്ങേണ്ടതു സഭയോടു പ്രാർത്ഥിക്കുവാൻ ആവശ്യപ്പെട്ടു കൊണ്ടാകണം.

### നടപടി 3: സഭാവളർച്ചക്കു സഹായിക്കുവാൻ തീരുമാനിക്കുക

സഭ വളരുവാൻ, അതിന്റെ വളർച്ചക്കു സഹായിക്കുവാൻ വ്യക്തികൾ തീരുമാനിക്കണം. സഭാ വളർച്ചയെ സംബന്ധിച്ച പഠനങ്ങൾ സൂചിപ്പിക്കുന്നതു ഏതെങ്കിലും സ്ഥലത്തു സഭ വളരുന്നു എങ്കിൽ, അതു പലപ്പോഴും ഒരു വ്യക്തിയുടെ തീരുമാനം കൊണ്ടായിരിക്കും (സാധാരണ ഒരു മിഷ്ണറി, ഉപദേഷ്ടാവു, അല്ലെങ്കിൽ മറ്റു സഭാദ്ധ്യക്ഷൻ). ഏതൊരു ഇടവകയിലായാലും, ദൈവ സഹായത്താൽ, സഭയ്ക്ക് വളർച്ചയുണ്ടാക്കണമെന്ന തീരുമാനമെടുത്തിരിക്കുന്ന വ്യക്തികളാലാണ് മുഖ്യമായും വളർച്ചയുണ്ടാക്കുന്നത്.

സഭാവളർച്ചക്കു സഹായകരമായി എന്തെങ്കിലും ചെയ്യുവാൻ തനിക്കു എന്തെങ്കിലും ജോലി നല്കട്ടെ എന്നു കരുതി ഒരംഗം ഇരിക്കരുത്. അയാൾക്കു ഉടനെ തുടങ്ങാം. അയാൾക്കു ചെയ്യാൻ കഴിയുന്നത്, ദൈവ സഹായത്തോടെ ചെയ്യുമെന്ന് തീരുമാനം എടുക്കുക യാണ് അതിനാവശ്യമായത്; അത് വിശ്വസ്തനാകുവാൻ; ആത്മിയമായി വളരുവാൻ; ബലഹീനരെ പ്രോത്സാഹിപ്പിക്കുവാൻ; തെറ്റിപ്പോയവരെ തിരിച്ചു കൊണ്ടു വരുവാൻ; പിന്നെ നഷ്ടപ്പെട്ടവരെ തിരഞ്ഞു രക്ഷിപ്പാനുമാണ്. ഈ സൽപ്രവൃത്തികൾ ചെയ്യുന്നതിൽ നിന്നു ക്രിസ്ത്യാനികളെ ആർക്കും തടയാവുന്നതല്ല. ക്രിസ്ത്യാനികൾ അവ ചെയ്താൽ, മറ്റുള്ളവർ എന്തു ചെയ്താലും, ചെയ്തില്ലെങ്കിലും സഭ വളരുവാൻ തുടങ്ങും.

### നടപടി 4: സഭയുടെ വളർച്ചക്കു ലക്ഷ്യങ്ങൾ തയ്യാറാക്കുക

ലക്ഷ്യങ്ങൾ തയ്യാറാക്കുന്ന[5] നടപടിയുടെ ഭാഗമാണ് നാലു മുതൽ ഏഴു വരെയുള്ള നടപടികൾ. നാം അതിനെ കുറിച്ചു ഇവിടെ പരാമർശി

ക്കുവാൻ കാരണം സഭയുടെ വളർച്ചക്കുള്ള പദ്ധതിയുടെ പ്രാരംഭ ഘട്ടത്തിൽ തന്നെ, ദീർഘ-കാല ലക്ഷ്യങ്ങളെ കുറിച്ചു സഭ ചിന്തിക്കണം. ഇടവകകളുടെ പദ്ധതികളിൽ ലക്ഷ്യം വയ്ക്കുന്നതിലും ലക്ഷ്യം തയ്യാറാക്കുന്ന വിഷയങ്ങളിലും എല്ലാ അംഗങ്ങൾക്കും ഉൾപ്പെടുവാനുള്ള അവസരം നല്കണം. സഭാംഗങ്ങൾ ചൂണ്ടിക്കാണിച്ച ലക്ഷ്യങ്ങളെ സഭാദ്ധ്യക്ഷന്മാർ അന്തിമ ലക്ഷ്യങ്ങൾ, ദീർഘ-കാല ലക്ഷ്യങ്ങൾ, ഹ്രസ്വ-കാല ലക്ഷ്യങ്ങൾ, കൂടാതെ സുഗമമായ ലക്ഷ്യങ്ങൾ ആയി രൂപപ്പെടുത്തുന്നതുവരെ അവർക്ക് അവയെ പരിഷ്ക്കരിക്കാം. ഈ ലക്ഷ്യങ്ങളിൽ നിന്നാണ് സഭയ്ക്കു വളരുവാനുള്ള ഘടകങ്ങൾ ലഭിക്കുന്നത്. പിന്നെ ആ ലക്ഷ്യങ്ങളുടെ അടിസ്ഥാനത്തിൽ സഭയുടെ പ്രവൃത്തിയായി തീരുന്ന എല്ലാ പ്രോഗ്രാമും വിലയിരുത്താം. സഭയുടെ ലക്ഷ്യപ്രാപ്തിക്കു അവ സഹായകരമായാൽ, അവ നിലനിർത്തുകയും പുരോഗമിപ്പിക്കയും വേണം. അല്ലെങ്കിൽ, അവയെ നിരാകരിക്കണം.

### നടപടി 5: ഭൂതകാല വളർച്ചയും ഇപ്പോഴത്തെ അവസ്ഥയും തരം തിരിക്കണം

സഭാ വളർച്ചക്കുള്ള പ്രത്യേക പദ്ധതി സഭാദ്ധ്യക്ഷന്മാർ ആവിഷ്ക്കരിക്കുന്നതിനു മുൻപു, സഭ എങ്ങനെയായിരുന്നു എന്നും ഇപ്പോൾ എങ്ങനെ ആണെന്നും നിർണ്ണയിക്കണം. അവർ എവിടെ ആയിരുന്നു എന്നും ഇപ്പോൾ അവർക്കു എന്തെല്ലാം വിഭവങ്ങൾ ലഭ്യമാണെന്നും അറിയാതെ, അവർക്ക് എത്തേണ്ടിടത്ത് എത്തുവാൻ സാധിക്കില്ല.

#### ഭൂതകാല വളർച്ചയെ വിശകലനം ചെയ്യുക

ഭൂതകാല വളർച്ച വിശകലനം ചെയ്യുവാൻ, വർഷങ്ങൾ മുൻപു മുതൽ ഇപ്പോൾ വരെയുള്ള സഭയുടെ വളർച്ച കാണിക്കുന്ന, ഒരു ചാർട്ട് ആർക്കെങ്കിലും ഒരാൾക്ക് തയ്യാറാക്കാം. കഴിഞ്ഞ പതിനഞ്ചു വർഷങ്ങളിൽ, ഓരോ വർഷത്തിലെയും ഞായറാഴ്ച രാവിലെയുള്ള ഹാജരിന്റെ[6] ശരാശരി ഉപയോഗിച്ചുകൊണ്ടുള്ള, ഉദാഹരണത്താൽ ഇത് ചെയ്യാം. പിന്നെ സഭാദ്ധ്യക്ഷന്മാർക്ക് ഗ്രാഫിന്റെ വര പോകുന്നത് മുകളിലേക്കാണോ അതോ താഴേക്കാണോ, അല്ലെങ്കിൽ ധാരാളം “ഉയർച്ച” കളും “താഴ്ച്ച” കളും ഉണ്ടോ എന്നു കാണാൻ കഴിയും. അടുത്തതായി, സഭയിൽ അക്കാലത്തു എത്ര പേർ വന്നുകൊണ്ടിരുന്നു എന്നും അവർ എങ്ങനെ വന്നു എന്നും അവർക്കു നിർണ്ണയിക്കാം. അവർ സ്നാനത്താൽ വന്നതോ (സഭയിലെ കുടുംബത്തിൽ നിന്നും അല്ലെങ്കിൽ “ലോകത്തിൽ'' നിന്നും), പ്രായശ്ചിത്തത്താൽ, അല്ലെങ്കിൽ അംഗത്വം സ്ഥാപിച്ചുകൊണ്ടുവന്നതാണോ? എത്ര പേർ സഭയിൽ നിന്നു പുറത്തു പോയെന്നും എങ്ങനെയെന്നും അവർക്ക് തീരുമാനിക്കാം (മരണത്താലോ, വീണു പോയതിനാലോ, അല്ലെങ്കിൽ സ്ഥലം മാറിയതുകൊണ്ടോ). അവസാനം, അവർക്കു ചോദിക്കാം, “എന്തുകൊണ്ട്?” ഗ്രാഫിൽ എന്തുകൊണ്ടാണ് “ഉയർച്ച” കളും “താഴ്ച്ച” കളും ഉണ്ടാകുന്നത്? എന്തുകൊണ്ടാണ് സഭ പുതിയ അംഗങ്ങളെ നേടുന്നതിൽ വിജയിച്ചത് അല്ലെങ്കിൽ പരാജയപ്പെട്ടത്? എന്തുകൊണ്ട് സഭക്ക് അംഗങ്ങളെ നഷ്ടപ്പെട്ടു? കാര

ണങ്ങൾ വ്യക്തികളുമായോ, (സഭാദ്ധ്യക്ഷന്മാർ, ഉപദേഷ്ടാക്കന്മാർ, അല്ലെങ്കിൽ അംഗങ്ങൾ), പ്രോഗ്രാമുകളോ, അല്ലെങ്കിൽ സമൂഹത്തിലെ ജനസംഖ്യയോ ആകാം (അതു മാറിയിട്ടുണ്ടെങ്കിൽ, അതിന്റെ സ്വഭാവവും).

ഭൂതകാല വളർച്ചയെ വിശകലനം ചെയ്യുന്നതിൽ എന്തു ഗുണമാണ് ലഭിക്കുന്നത്? അതു സഭയ്ക്കു ചില പ്രോത്സാഹനം നൽകിയേക്കാം. രക്ഷിക്കപ്പെട്ടവരെ നിലനിർത്തിയപ്പോഴും ആളുകളെ സ്നാനപ്പെടുത്തിയപ്പോഴും സഭ അവർ വിചാരിച്ചതിനേക്കാൾ നന്നായി പോകുന്നു എന്നു അദ്ധ്യക്ഷന്മാർ കണ്ടെത്തിയേക്കാം; അതിന്റെ വളർച്ചയിൽ കുറവു വന്നിട്ടുള്ളത് ചില അംഗങ്ങൾ മരിച്ചു പോകുകയും അനവധി പേർ സ്ഥലം മാറി പോകുകയും ചെയ്തതു കൊണ്ടാണെന്നും അവർ കണ്ടെത്തിയേക്കാം – അവ രണ്ടിനും സഭയെ കുറ്റപ്പെടുത്താവുന്നതല്ല. ഏതു പ്രോഗ്രാം ആവർത്തിച്ചാൽ പ്രയോജനം ചെയ്യുമെന്നും ഭാവിയിൽ ഒഴിവാക്കേണ്ടതെന്തെന്നും കൂടി അത് സൂചിപ്പിച്ചേക്കാം. മറ്റേതിലും എന്ന പോലെ, സഭയിലും, കഴിഞ്ഞ കാലാനുഭവത്തിൽ നിന്നു നാം പഠിച്ചില്ലെങ്കിൽ, നാം അതു നിർഭാഗ്യത്താൽ ആവർത്തിക്കും.

**വർത്തമാനസ്ഥിതി വിശകലനം ചെയ്യുക**

സഭയുടെ വർത്തമാന സ്ഥിതിയിൽ രണ്ടു കാര്യങ്ങൾ പരിഗണിക്കേണ്ടതുണ്ട്: നമ്മുടെ വാസ്തവത്തിലുള്ള സാഹചര്യത്തെയും ശക്തിയേയും വിലയിരുത്തണം.

*"നാം എങ്ങനെ ഇരിക്കുന്നു?" എന്ന ചോദ്യം ചോദിച്ചുകൊണ്ട്, സഭാദ്ധ്യക്ഷന്മാർ സഭയുടെ വാസ്തവത്തിലുള്ള സാഹചര്യത്തെ, വിശകലനം ചെയ്യണം.* ഈ പരിശോധനാ പട്ടിക വളർച്ചയുടെ മൂന്നു മേഖലകളെ വിലയിരുത്തുവാൻ അവരെ സഹായിക്കും:

*സംഖ്യാവർദ്ധനവു അവലോകനം:* (1) ഇപ്പോഴുള്ള അംഗത്വവും ഹാജരും എത്ര? (2) അടുത്ത സമയത്തുണ്ടായ പ്രതികരണങ്ങൾ എത്ര? (3) കഴിഞ്ഞവർഷത്തിൽ അംഗസംഖ്യയും, ഹാജരും, പ്രതികരണവും എത്രയുണ്ടായിരുന്നു? (4) എത്ര പേർ കഴിഞ്ഞ വർഷം സഭ വിട്ടു പോയി, എങ്ങനെ?

*ആത്മിയ വളർച്ചയെ അവലോകനം ചെയ്യുക:* (1) മൊത്തത്തിലുള്ള ഹാജർ നിലയും, ധർമ്മശേഖരവും, പങ്കാളിത്തവും, ഇടവകയോടു ക്രിസ്തുവിന്റേതു പോലെയുള്ള മനോഭാവവും, ഏതു വിധത്തിലായിരുന്നു? വ്യക്തിപരമായി ഓരോ അംഗത്തിനോടും ഏതു വിധത്തിൽ?

*നൈസർഗിക വളർച്ചയെ അവലോകനം ചെയ്യുക:* ദൈവം അവന് അല്ലെങ്കിൽ അവൾക്കു നല്കിയ താലന്തുകൾ ഉപയോഗിച്ച് ഓരോ ക്രിസ്ത്യാനിയെയും ക്രിസ്തുവിന്റെ സഭയിൽ വിലപ്പെട്ട പ്രവർത്തനം നടത്തുന്ന അംഗമാകുവാൻ അവസരം നല്കുന്നതിൽ സഭ വളരുന്നുണ്ടോ? (1) സഭാപ്രവൃത്തികളിൽ പുതിയ അംഗങ്ങൾ ഉൾപ്പെടുന്നുണ്ടോ? (2) അടുത്ത കാലങ്ങളിൽ പുതിയ അദ്ധ്യക്ഷന്മാരെ, പഠിപ്പിക്കുന്നവരെ, സഹായികളെ, കൂടാതെ പാട്ടു നയിക്കുന്നവരെയെല്ലാം പരിശീലിപ്പിച്ച് ജോലി ഏൽപ്പിച്ചിട്ടുണ്ടോ? (3) താലന്തുകൾ വികസിപ്പിക്കു

വാൻ സഭ അവസരം നല്കിയിട്ടുണ്ടോ? (4) ഇപ്പോഴത്തെ അംഗങ്ങൾക്കുള്ള താലന്തുകൾ എന്തെല്ലാം? (5) ഉപയോഗിക്കാത്ത താലന്തുകൾ എന്തെങ്കിലും അവർക്കുണ്ടോ? കർത്താവിന്റെ സേവനത്തിൽ ഓരോ അംഗത്തിനും അവന്റെ അല്ലെങ്കിൽ അവളുടെ കഴിവുകൾ ഉപയോഗിക്കുവാൻ അവസരം ലഭിച്ചിട്ടുണ്ട് എന്ന് അംഗങ്ങൾ വിശ്വസിക്കുന്നുണ്ടോ?

*സഭയുടെ ശക്തി വിശകലനം ചെയ്യുമ്പോൾ, ചോദിക്കുക, "എന്തെല്ലാമാണ് നമ്മുടെ സാധ്യതകൾ?"* സഭയുടെ ശക്തി തീരുമാനിക്കുവാൻ, സഭാദ്ധ്യക്ഷന്മാർ ചില ചോദ്യങ്ങൾ ചോദിക്കണം:

*ഉദ്യോഗസ്ഥ സഞ്ജയത്തെ കുറിച്ചു ചോദിക്കുക:* അംഗത്വം ഇപ്പോൾ എങ്ങനെയിരിക്കുന്നു? ഇടവകയിലെ അംഗങ്ങളുടെ പ്രായവും അതിലെ പുരുഷന്മാരും സ്ത്രീകളും എത്ര? അംഗങ്ങളുടെ സാമൂഹ്യ - സാമ്പത്തിക നില, വിദ്യാഭ്യാസ പശ്ചാത്തലം, വംശീയമായ അല്ലെങ്കിൽ വർഗ്ഗീയ കൂട്ടം, അംഗങ്ങളുടെ തൊഴിലുകൾ എന്നിവയെ കുറിച്ച് എന്തറിയാം? ഏതു തരത്തിലുള്ള കുടുംബങ്ങളാണ് സഭയിൽ കാണാൻ സാധ്യത, കൂടാതെ സഭയിലെ കുടുംബങ്ങൾ തമ്മിൽ എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു? ഓരോ അംഗത്തിന്റേയും താല്പര്യങ്ങൾ, കഴിവുകൾ, കൂടാതെ താലന്തുകൾ എന്തെല്ലാം? സഭയിൽ ഇപ്പോൾ ഓരോ അംഗവും ഏതു പങ്ക് (ഉദാ., ഉപദേഷ്ടാവ്, ശുശ്രൂഷകൻ, മൂപ്പൻ) നിർവഹിക്കുന്നു? കഴിഞ്ഞ വർഷങ്ങളിൽ ഓരോരുത്തരും എന്തു ചെയ്തിരുന്നു?

*പ്രതീക്ഷകളെ കുറിച്ചു ചോദിക്കുക:* അംഗമല്ലാത്തവർ തുടർച്ചയായി വരുന്നവർ എത്ര? അംഗങ്ങളല്ലാത്തവരുടെ വീടുകളിൽ നിന്ന് ഇടയ്ക്കൊക്കെ സണ്ടേ സ്കൂളിൽ വരുന്ന എത്ര കുട്ടികൾ ഉണ്ട്?

*പ്രോഗ്രാമുകളെ കുറിച്ചു ചോദിക്കുക:* ദൈവ വചനം പ്രസംഗിക്കുവാനും ആത്മാക്കളെ രക്ഷിക്കുവാനും ഇപ്പോൾ ചെയ്യുന്നതെന്ത്, ആ പ്രോഗ്രാമുകൾ എത്രത്തോളം ഫലവത്താണ്?

*ജനസംഖ്യയെ കുറിച്ചു ചോദിക്കുക:* സഭ നിലനില്ക്കുന്ന സമൂഹത്തിന്റെ സ്വഭാവം എന്ത്? കൂടുതൽ പ്രതികരിക്കുന്ന കൂട്ടം ഏതാണ്? സമൂഹം നൽകുന്ന പ്രത്യേക അവസരങ്ങൾ ഏവ?

സഭയുടെ ഇപ്പോഴത്തെ അവസ്ഥയും ശക്തിയും മനസ്സിലാക്കിയാൽ, സഭാദ്ധ്യക്ഷന്മാർക്കു ഇനി എന്തു പദ്ധതിയാണ് രൂപപ്പെടുത്തേണ്ടതെന്ന് വ്യക്തമായി അറിയാനും, ഇനി എന്തു പ്രോഗ്രാമാണ് പ്രയോജനം ചെയ്യുക എന്നു മുൻകൂട്ടി അറിയാനും, കർത്താവു തുറന്നിട്ടുള്ള അവസര വാതിലുകൾ എന്തെല്ലാമെന്നു കാണുവാനും കഴിയും.

## നടപടി 6: സഭാവളർച്ചക്കുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക

സഭാദ്ധ്യക്ഷന്മാർ സമയമെടുത്ത് ലക്ഷ്യങ്ങളെ കുറിച്ചു ചിന്തിച്ചും ഇടവകയുടെ കഴിഞ്ഞകാലത്തെയും ഇപ്പോഴത്തെയും സ്ഥിതി അവലോകനം ചെയ്തും കഴിഞ്ഞാൽ, അവർ, ഇടവകയുടെ സഹായത്തോടെ, സഭാ വളർച്ചക്കുള്ള പദ്ധതികൾ ആവിഷ്ക്കരിക്കണം.[7]

**പൊതുവായ തന്ത്രങ്ങൾ**

വളർച്ചക്കുള്ള തന്ത്രങ്ങളിൽ എല്ലാ ഇടവകകൾക്കും പൊതുവായി ചിലതുണ്ട്. അവയിൽ ചിലതു താഴെ കൊടുത്തിരിക്കുന്നു:

(1) *നേടുന്ന മനോഭാവം വളർത്തിയെടുക്കണം,* അതുകൂടാതെ ഒരു നല്ല അന്തരീക്ഷവും, ക്രിയാത്മകമായ ഭാവവും വളർച്ചക്ക് ആവശ്യമാണ്. പ്രാദേശിക സഭയുടെ രൂപം അവരുടെ മനസ്സിൽ വരുന്നതുവരെ അംഗങ്ങൾ അവരുടെ "സുവിശേഷം" വ്യാപിപ്പിക്കുകയില്ല.

(2) *ഒരു സ്നേഹമുള്ള സഭയായി തീരുക,* അതു പുറത്തുള്ളവർക്കു സ്വാഗതം അരുളുന്നതും ഊഷ്മളവുമായതായിരിക്കണം. സഭയെ "സൗഹൃദമായി ഉപയോഗിക്കുന്ന," താക്കുവാൻ അദ്ധ്യക്ഷന്മാർ സഭയെ – അതിലെ അംഗങ്ങളെ, സൗകര്യങ്ങളെ, പ്രോഗ്രാമുകളെ, കൂടാതെ ആരാധനകളെ – കാണാൻ ശ്രമിക്കേണ്ടത് സന്ദർശകരുടെ കണ്ണുകളിൽ കൂടി ആയിരിക്കയും, അതിഥികളെ ആകർഷിക്കുവാൻ വരുത്തേണ്ട (തിരുവെഴുത്തിന്റെ അതിരുകളിൽ നിന്ന്) മാറ്റങ്ങൾ സഭയ്ക്കു വരുത്തിക്കൊണ്ടും ആയിരിക്കണം.

(3) *സുവിശേഷീകരണത്തിനു ഊന്നൽ കൊടുക്കുക* – സുവിശേഷ വേലയിൽ പ്രത്യേകിച്ചു എല്ലാവരും സഹായിക്കേണ്ടതിന്റെ ആവശ്യം. നഷ്ടപ്പെട്ടവരെ പരിവർത്തനം ചെയ്തു രക്ഷിച്ചു സഭയ്ക്കു വളരണമെങ്കിൽ, സുവിശേഷ പ്രസംഗത്തിന്റെ പ്രാധാന്യത്തിന് നേതൃത്വം ഊന്നൽ കൊടുക്കണം. മത്തായി 28:19, 20 ഒരു "വലിയ നിർദ്ദേശം" ആയിട്ടല്ല, ഒരു മഹത്തായ ആജ്ഞയായി അംഗങ്ങൾ മനസ്സിലാക്കണം. സ്വദേശത്തായാലും വിദേശത്തായാലും, ആത്മാക്കളെ നേടുന്നതു മാത്രമല്ല സഭക്കുള്ള അവസരം എന്നാൽ വാസ്തവത്തിൽ *അത്* ക്രിസ്തുവിന്റെ ശരീരത്തിന്റെ പ്രവർത്തനമാണ് എന്നു നാം വിശ്വസിക്കുകയും പഠിപ്പിക്കുകയും പ്രവർത്തിക്കുകയും ചെയ്യേണ്ടതുണ്ട്.

(4) *പങ്കെടുക്കൽ പ്രോത്സാഹിപ്പിക്കുക.*[8] ഓരോ അംഗവും അവന്റെ അല്ലെങ്കിൽ അവളുടെ താലന്തുപയോഗിച്ചു, പങ്കെടുക്കേണ്ടതിലുള്ള വ്യക്തിപരമായ ഉത്തരവാദിത്വം സ്വീകരിച്ചാൽ സഭ വളരും.

(5) *വിവിധ രീതികൾ പ്രയോഗിക്കുക.* ചില പഠനം തെളിയിച്ചിട്ടുള്ളത് സുവിശേഷീകരണത്തിന് ഒരു രീതി മാത്രം ഉപയോഗിക്കാതെ ഒന്നിലധികം രീതികൾ ഉപയോഗിച്ചാൽ സഭ കൂടുതൽ ആളുകളെ നേടും എന്നാണ്.

(6) *ലക്ഷ്യം കൈവരിക്കാവുന്ന സംഘങ്ങൾ.* ഏതു സമൂഹത്തിലും ചില ആളുകൾ മറ്റുള്ളവരേക്കാൾ കൂടുതൽ പ്രതികരണമുള്ളവരായിരിക്കും. അത്തരം ആളുകളെ അന്വേഷിക്കാൻ ശ്രമിക്കുന്നത് ഒരു നല്ല നയമായിരിക്കും (എല്ലാവരോടും നാം പൊതുവായി നടത്തുന്ന അപേക്ഷയെ തള്ളിക്കളയാതെ വേണം).

(7) *വിട്ടുപോകുന്ന പ്രശ്നം പരിഹരിക്കുവാൻ ശ്രമിക്കുക.*[9] ഒരു ഇടവകക്കും അംഗങ്ങളുടെ വിട്ടുപോകുന്ന പ്രശ്നം പരിഹരിക്കുവാൻ സാധ്യമല്ല, എന്നാൽ ഇടവകയിലെ ഭൂരിഭാഗം അംഗങ്ങളെയും വിശ്വസ്തരാക്കാൻ കഴിയാതെ ഒരു സഭയ്ക്ക് അംഗസംഖ്യയിൽ വളരുവാനും കഴിയുകയില്ല.

(8) *ആരാധനകൾ സമ്പുഷ്ടമാക്കുക.* അംഗങ്ങൾക്കും അംഗമല്ലാത്തവർക്കും സഭയുടെ ആരാധനാ ശുശ്രൂഷകൾ സമ്പുഷ്ടമാകുന്നു എങ്കിൽ സഭക്ക് വളരാൻ കൂടുതൽ സാധ്യതയുണ്ട്. ഏറ്റവും പ്രധാനം, ദൈവം നമ്മുടെ ആരാധനയാൽ പ്രസന്നനാകണം എന്നതാണ്. സഭയെ കുറിച്ച് അംഗമല്ലാത്തവർക്കു ആദ്യത്തെ മതിപ്പു ലഭിക്കുന്നത് അവരുടെ ആരാധനയിലെ അനുഭവത്തിൽ നിന്നാണ്. ആദ്യ മതിപ്പുകൾ സുപ്രധാനമാണ്. നമ്മുടെ ആരാധനകൾ സന്ദർശകർക്കു സഹായകരമാണെങ്കിൽ, അവർ നമ്മുടെ ഉപദേശത്തിന്നു ചെവി കൊടുക്കും.

(9) *പരസ്യപ്പെടുത്തുക.* പരസ്യം കൊണ്ടു മാത്രം സഭ വളരുകയില്ല, എന്നാൽ അതു സഭയുടെ വളർച്ചക്കു സഹായകരമായ അന്തരീക്ഷം ഉണ്ടാക്കും.

**ഒരു പ്രത്യേക തന്ത്രം**

ഒരു ഇടവകയുടെ വളർച്ചക്കുള്ള പദ്ധതി ആ ഇടവകക്കു പ്രത്യേകമായി നിർമ്മിച്ചതു കൂടി ആയിരിക്കണം. ഓരോ ഇടവകക്കും പ്രത്യേകമായ തന്ത്രം എന്തുകൊണ്ട് ആവശ്യമാണ്? കാരണം "പ്രത്യേകതാ നിയമം" ആണ്: സഭാ വളർച്ചയെ സംബന്ധിച്ച് പ്രത്യേകമായ കാരണങ്ങൾ അസാധാരണമാണ്, സഭയിൽ സമ്മിശ്ര വസ്തുതകളുമായി ബന്ധപ്പെട്ട കാരണങ്ങൾ കാണാൻ സാധിക്കും, എന്നാൽ അവ മറ്റൊന്നിൽ പകർത്താവുന്നതല്ല.

ഇതു സാധാരണ മനസ്സിലാക്കുന്നില്ല. നമ്മുടെ സഹോദര വർഗ്ഗത്തിൽ വലിയ വളർച്ചയുടെ മാതൃകയായി കാണിച്ചിരിക്കുന്ന ഓരോ സഭകളും - മറ്റെല്ലാ ഇടവകകളും "അതുപോലെ ചെയ്യണം" എന്ന ഉദ്ദേശത്തോടെ - ചില രീതിയിലുള്ള സമൂഹത്തിലും ചില രീതിയിലുള്ള അംഗങ്ങളോടും കൂടി കാണാൻ സാധിക്കും. ഈ നിഗമനത്തിലുള്ള പ്രശ്നം എന്തെന്നാൽ ഓരോ ഇടവകയും അവർ സേവിക്കുന്ന സമൂഹത്തെ സംബന്ധിച്ച് വ്യത്യസ്തമായിരിക്കും (ജനസംഖ്യാ വ്യാപ്തി, വംശത്തിന്റെ അഥവാ വർഗ്ഗത്തിന്റെ ഘടന, ശരാശരി പ്രായം, കൂടിയും കുറഞ്ഞുമുള്ള ജനസംഖ്യ, മുതലായവയിൽ.) കൂടാതെ അംഗത്വം സ്വീകരിച്ചിരിക്കുന്ന ആളുകളിൽ (ശരാശരി പ്രായം, സാമൂഹ്യസാമ്പത്തിക നില, കഴിവുകൾ, മുതലായവയിൽ.). ഉദാഹരണത്തിനു, സഭയ്ക്കു വളർച്ചയുണ്ടാക്കുന്ന, ഒരു പ്രോഗ്രാം, ഒരു പുതിയ, ധൃതഗതിയിൽ വളർന്നുകൊണ്ടിരിക്കുന്ന ഒരു വലിയ പട്ടണത്തിൽ - ഡോക്ടർമാരും, വക്കീലന്മാരും, എഞ്ചിനിയർമാരുമുള്ള പട്ടണത്തിൽ - ആ പ്രോഗ്രാം മാറ്റം വരുത്താതെ ഒരു ചെറിയ ടൗണിൽ ഉപയോഗിക്കുന്നത് അപ്രായോഗികമായി തോന്നും.

സഭാദ്ധ്യക്ഷന്മാർ അത്തരം പ്രത്യേകമായ തന്ത്രങ്ങളിൽ എത്തുന്നത് എങ്ങനെ? ഇതാ അഞ്ചു നിർദ്ദേശങ്ങൾ:

ഒന്നാമത്, പദ്ധതി തയ്യാറാക്കലിനു "സംഘടിച്ച" പ്രോഗ്രാമുകൾ വേണമെന്നില്ല. നമ്മുടെ പ്രവൃത്തി കുറഞ്ഞ "സംഘടിത" മാണെങ്കിൽ, ശ്രേഷ്ഠമാണ്. സഭയുടെ ലക്ഷ്യങ്ങൾ മറ്റുവിധത്തിൽ നേടുവാൻ സാധിക്കാതെ വന്നാൽ മാത്രമെ "സംഘടിച്ച പ്രോഗ്രാമുകൾ" പ്രയോഗിക്കു

വാൻ ആരംഭിക്കാവൂ.

രണ്ടാമതു, സഭയുടെ ശക്തിക്ക് ഊന്നൽ കൊടുക്കുക. ഓരോ സഭയും ഒന്നു രണ്ടു മേഖലകളിൽ ശക്തമായിരിക്കും; ആ ശക്തിയെ ചുറ്റിപ്പറ്റി ആയിരിക്കും അതിന്റെ പ്രോഗ്രാമുകൾ ഉണ്ടാക്കിയിരിക്കുന്നത്.

മൂന്നാമതു, നഷ്ടപ്പെട്ട ആളുകളോടു സുവിശേഷം പ്രസംഗിക്കുവാനും, ദരിദ്രരെ സഹായിക്കുവാനും, സഭയെ ശക്തിപ്പെടുത്തുവാനും, ദൈവത്തെ ആരാധിക്കുവാനും ഏറ്റവും നല്ല മാർഗ്ഗത്തിലൂടെ ശ്രമിക്കണം. ഒരിടവകയുടെ നല്ല മാർഗ്ഗം മറ്റൊരിടവകക്കു നന്നായിരിക്കയില്ല. ഓരോ കമ്പവും പിൻപറ്റുവാനുള്ള ശ്രമം ഒഴിവാക്കണം.

നാലാമതു, പദ്ധതി എല്ലാം ഉൾക്കൊള്ളിച്ചു വ്യാപകമായി രൂപപ്പെടുത്തുക. "സംഘടിക്കപ്പെട്ട" പ്രോഗ്രാമുകൾ ആവശ്യമെങ്കിൽ, അവ ശരിയായി ചെയ്യണം! ഒരു പ്രോഗ്രാമിന്റെ പദ്ധതി വിജയിക്കുന്നതിൽ താഴെ പറയുന്ന വിവരങ്ങൾ ഉൾപ്പെടുന്നു: (a) ആര് എന്തു ചെയ്യുന്നു, (b) ഒരു സമയവിവര പട്ടിക, (c) പണം ശേഖരിക്കൽ, (d) പരസ്യവും നടപ്പിലാക്കലും, (e) പ്രോഗ്രാം എങ്ങനെ അവസാനിപ്പിക്കണം, കൂടാതെ (f) ആ പ്രവൃത്തി എങ്ങനെ തുടർന്നു നടത്തണമെന്നും.

അഞ്ചാമതു, തുടർച്ചയായി പദ്ധതി തയ്യാറാക്കുക. നിരന്തരമായി, ചെയ്തതിനെ കുറിച്ചു അദ്ധ്യക്ഷന്മാർ വിലയിരുത്തുകയും ഭാവിക്കു വേണ്ടി പുതിയ പദ്ധതി രൂപപ്പെടുത്തുകയും വേണം. ഓരോ പ്രോഗ്രാമും, അതു വിജയമായിരുന്നാലും പരാജയം ആയിരുന്നാലും, അതു അടുത്ത പ്രോഗ്രാം തയ്യാറാക്കുന്നതിന് സഹായിക്കുവാൻ പഠിക്കുന്ന അനുഭവമാകണം. ഓരോ വർഷത്തെയും പദ്ധതികൾ അടുത്ത വർഷത്തേക്കുള്ള നയത്തിനു അടിത്തറയിടൽ ആയിരിക്കും.

### നടപടി 7: പദ്ധതികൾ ഊർജ്ജസ്വലമാക്കൽ

പദ്ധതികൾ അദ്ധ്യക്ഷന്മാരുടെ മനസ്സിലോ അല്ലെങ്കിൽ പേപ്പറിലോ ആയാൽ മാത്രം പോരാ. പ്രവൃത്തിയുടെ പദ്ധതി മുൻകൂട്ടി തയ്യാറാക്കണം, എന്നാൽ ആ പദ്ധതി നടപ്പിലാക്കുകയും വേണം. പ്രവൃത്തി ചെയ്യാൻ എന്താണാവശ്യം?

ഒന്നാമത്, പ്രവൃത്തിയെ കുറിച്ച് പദ്ധതി ആവിഷ്ക്കരിക്കുന്നത് സഹകരണത്തോടെ, അതു തുടങ്ങുന്നതിനു വളരെ മുൻപു തന്നെ ആയിരിക്കണം. ആ പദ്ധതിയുമായി ബന്ധപ്പെട്ടവരെ എല്ലാം അതിൽ ഉൾപ്പെടുത്തണം. രണ്ടാമതു, ഒരു സംഘടിതമായ പ്രോഗ്രാം തുടങ്ങുന്നതിന് മുൻകൈ എടുത്താൽ, അതു വിജയകരമായി പൂർത്തിയാക്കേണ്ടതിനു ആവശ്യമായ പണവും അധികാരവും ആരെയെങ്കിലും ഏല്പിക്കണം. മൂന്നാമത്, ആ പ്രോഗ്രാമിനെ കുറിച്ചു ഇടവകയെ അറിയിച്ചുകൊണ്ടിരിക്കുക; സഭാ പ്രവൃത്തികൾ വിജയകരമാകേണ്ടതിനു നല്ല ആശയ വിനിമയം ആവശ്യമാണ്. നാലാമതു, അംഗങ്ങളെ ആ പ്രവൃത്തിയിൽ പങ്കെടുപ്പിക്കേണ്ടതിനു അവരെ പ്രേരിപ്പിക്കയും, ഉത്തേജിപ്പിക്കയും, ഊർജ്ജസ്വലരാക്കുകയും വേണം. അഞ്ചാമതു, നടപ്പിലാക്കൽ ആവശ്യമാണ്. അംഗങ്ങൾക്കിടയിൽ പ്രോഗ്രാമുകളെ നടപ്പിലാക്കുകയും, അവയെ പരസ്യപ്പെടുത്തി സഭക്കു പുറത്തുള്ളവരെയും അറിയിക്കണം. ആറാമതു,

പ്രവൃത്തിയെ ആരംഭം മുതൽ അവസാനം വരെ മേൽനോട്ടം നടത്തുക. ഒരു നല്ല തുടക്കം ആവശ്യമാണ്, എന്നാൽ അതുമാത്രം പോരാ. ഏതു പ്രോഗ്രാമിനായാലും തുടർച്ചയായ ശ്രദ്ധയുണ്ടാകണം. അക്ഷീണ പ്രയത്നവും, അതിൽ ഉൾപ്പെടുന്ന തുടർച്ചയായ ഉത്സാഹവും, പ്രാധാന്യമുള്ളതാണ്. കൂടാതെ, പ്രോഗ്രാമിന്റെ അവസാനത്തെ കുറിച്ച് പദ്ധതി തയ്യാറാക്കുന്നതും പ്രാധാന്യമുള്ളതാണ്. ഫലങ്ങൾ ആഘോഷിക്കുകയും, കൈവരിച്ച നല്ല നേട്ടത്തിനു ദൈവത്തെ സ്തുതിക്കയും വേണം. ഏഴാമതു, ഏതു പ്രോഗ്രാമും പൂർത്തിയാക്കിയശേഷം, അത് വിലയിരുത്തേണ്ടത് ആവശ്യമാണ്: “അതു നമുക്ക് എങ്ങനെ വിജയകരമായി ചെയ്യുവാൻ കഴിഞ്ഞു? നമ്മൾ അതു വീണ്ടും ചെയ്താൽ, അതെങ്ങനെ കൂടുതൽ മെച്ചപ്പെടുത്താം?” ആ പ്രോഗ്രാമിന്റെ അനുഭവത്തിൽ നിന്നും, അടുത്ത ശ്രമങ്ങൾക്കുവേണ്ട പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കാം.

**ഉപസംഹാരം**

ഒരു സഭാദ്ധ്യക്ഷന്റെ അല്ലെങ്കിൽ സഭയുടെ വിജയത്തിനു അംഗസംഖ്യ മാത്രമല്ല മാനദണ്ഡമായിരിക്കുന്നത്. ഒരു അദ്ധ്യക്ഷന്റെ വിജയം എപ്പോഴും എണ്ണത്തെ ആസ്പദമാക്കിയാണെങ്കിൽ, നോഹയും യിരെമ്യാവും, അതിശയമാം വിധത്തിലുള്ള പരാജയമായി പരഗണിക്കാം. യേശുവിന്റെ ജീവിതത്തിന്റെ അവസാനം, അവനെ ക്രൂശിൽ തറെക്കുകയും ശിഷ്യന്മാർ അവനെ വിട്ടുപോവുകയും ചെയ്തപ്പോൾ – ഒരാൾ ഒറ്റികൊടുക്കുകയും മറ്റൊരാൾ തള്ളി പറയുകയും ചെയ്തപ്പോൾ – അവന്റെ ശുശ്രൂഷ പരാജയമായി മറ്റുള്ളവർക്കു കാണാൻ വളരെ എളുപ്പമാണ്.

ഒരാത്മാവു രക്ഷിക്കപ്പെടുമ്പോഴും സഭ വളരുമ്പോഴും അതിന്റെ ഭാഗമാകാൻ സാധിച്ചതിൽ എന്തു സന്തോഷമാണുണ്ടാകുന്നത്! നിങ്ങളുടെ വിശ്വസ്തതയും ഉത്സാഹത്തോടെയുള്ള പ്രയത്നവും കൊണ്ടാണ് സഭ വളർന്നതെന്നും, അതിന്റെ ഫലമായി നഷ്ടപ്പെട്ടുപോകുമായിരുന്ന ധാരാളം പേർക്കു സ്വർഗ്ഗത്തിൽ പോകാൻ സാധിച്ചതെന്നും അറിയുമ്പോൾ ഉണ്ടാകുന്ന സന്തോഷം ഊഹിക്കുക! നാം പദ്ധതി തയ്യാറാക്കി ബുദ്ധിയോടെ പ്രവർത്തിച്ചാൽ ആ സന്തോഷകരമായ ചിന്ത നമ്മുടേതാണ് എന്നാൽ – “ലക്ഷ്യമില്ലാതെ” പ്രവർത്തിച്ചാൽ നമ്മുടേതല്ല (1 കൊരിന്ത്യർ 9:26), എന്നാൽ നാം എങ്ങനെ പണിയുന്നു എന്നു “ശ്രദ്ധിക്കുന്ന” “ജ്ഞാനമുള്ള പ്രധാന ശില്പി (കൾ)” ആയി (1 കൊരിന്ത്യർ 3:10), “എങ്ങനെയെങ്കിലും ചിലരെ രക്ഷിക്കേണ്ടതിനു” നാം എല്ലാവർക്കും എല്ലാമായി തീർന്നു (1 കൊരിന്ത്യർ 9:22).

---

കുറിപ്പുകൾ

[1]ഡാരെൽ ജി. റിക്കാർഡ്, “ദ ലോർഡ്സ് ചർച്ച് ഇസ് മാർച്ചിങ്ങ്,” ഇൻ ദ ബുള്ളെറ്റിൻ ഓഫ് ദ റ്റെൻത്ത് ആന്റ് റോക്ക്ഫോർഡ് ചർച്ച് ഓഫ് ക്രൈസ്റ്റ്, തുൾസാ, ഓക്‌ലഹോമാ (7 ജൂൺ 1964). [2]ഫ്ളവിൽ ആർ. ഏക്ലേ, ജൂനിയർ.,

“ചർച്ചസ് ഓഫ് ക്രൈസ്റ്റ് ഗ്രോയിങ്ങ് എഗെയിൻ,” *ദ വേൾഡ് ഇവാഞ്ചെലിസ്റ്റ് 19* (ആഗസ്റ്റ് 1990):1. [3]ഈ നടപടികൾ സംഖ്യാവളർച്ചയെയാണ് പ്രാഥമികമായി കാണിക്കുന്നത്, ആത്മീയവളർച്ചക്കും ഇതേ നടപടി ക്രമങ്ങൾ ഉപയോഗിക്കാവുന്നതാണ്, പാഠത്തിന്റെ ശേഷം ഭാഗം സംഖ്യാവളർച്ചക്ക് ഊന്നൽ കൊടുക്കുന്നതാണെങ്കിലും, ഇതിന് ആത്മീയ വളർച്ചയേക്കാൾ പ്രാധാന്യം കൊടുക്കുന്നതാകരുത്. [4]സി. വെയ്ൻ സൻകെൽ, *ഗ്രോയിങ്ങ് ദ സ്മാൾ ചർച്ച് - എ ഗൈഡ് ഫോർ ചർച്ച് ലീഡേഴ്സ്* (എൽജിൻ, Ill.: ഡേവിഡ് സി. കുക്ക്, 1982), 23. [5]ഈ വിഷയത്തിൽ കൂടുതൽ വിവരങ്ങൾക്ക്, “ലക്ഷ്യം - വെയ്ക്കൽ” എന്ന പാഠം നോക്കുക. [6]ഏറ്റവും വിശ്വസനീയമായ സംഖ്യ ഉപയോഗിക്കണം. അത് വർഷാ - വസാന സംഖ്യ ആയിരിക്കാം. മിക്ക കർത്താവിന്റെ സഭകളിലും, ഒരുപക്ഷെ സഭയുടെ വളർച്ച എത്രത്തോളമുണ്ട്, എങ്കിൽ അതു തീരുമാനിക്കുന്നത് ഞായറാഴ്ച്ച രാവിലെ വരുന്നവരുടെ സംഖ്യ അനുസരിച്ചായിരിക്കും. കണക്കെടുക്കുന്നത് എന്തായാലും, അതു നിരന്തരമായിരിക്കണം. [7]ആറാമത്തെ നടപടിയായ, “സഭാവളർച്ചക്കുള്ള പദ്ധതി തയ്യാറാക്കുക,” യും ഏഴാമത്തെ നടപടിയായ, “പദ്ധതികൾ പ്രാവർത്തികമാക്കുക,” എന്നിവയെ പറ്റി കൂടുതൽ വിവരങ്ങൾക്ക് പാഠം “നടത്തിപ്പ്” നോക്കുക. [8]“പങ്കെടുക്കൽ പ്രോത്സാഹിപ്പിക്കൽ” എന്ന പാഠം നോക്കുക. [9]“വീണുപോകുന്ന പ്രശ്നം പരിഹരിക്കൽ” എന്ന പാഠം നോക്കുക.

---

***പ്രാർത്ഥന***

“നമ്മുടെ പ്രാർത്ഥനകൾ എത്രയുണ്ട്, എന്ന ഗണിത ശാസ്ത്രമല്ല; അല്ലെങ്കിൽ നമ്മുടെ പ്രാർത്ഥനകൾ, എത്ര വാക്ചാതുര്യത്തോടെ ആണെന്നല്ല; അല്ലെങ്കിൽ നമ്മുടെ പ്രാർത്ഥനകൾ, എത്ര നീണ്ടതാണ് എന്ന ക്ഷേത്രഗണിതവുമല്ല; അല്ലെങ്കിൽ പ്രാർത്ഥനാ ശബ്ദം, എത്ര മധുരമാണ് എന്ന പ്രാർത്ഥനയുടെ സംഗീതവുമല്ല; അല്ലെങ്കിൽ നമ്മുടെ പ്രാർത്ഥനയുടെ ന്യായവാദം, എത്ര വാദിക്കാവുന്നതെന്നല്ല; അല്ലെങ്കിൽ നമ്മുടെ പ്രാർത്ഥനാ രീതികൾ, എത്ര അടുക്കും ചിട്ടയുമുള്ളതാണെന്നല്ല, ദൈവം നോക്കുന്നത്. മറിച്ചു പ്രയോജനം ചെയ്യുന്നതു ആത്മാവിന്റെ തീക്ഷ്ണതയാണ്.”

“പ്രാർത്ഥനയുടെ താളൈക്യം ഉപയോഗിക്കേണ്ടത് നന്ദി, ഏറ്റുപറച്ചൽ, ആരാധന, പുകഴ്ച്ച എന്നിവയുടെ രാഗത്തോടുകൂടിയാണ്.”

“നല്കുന്നതിനും, കഷ്ടപ്പെടുന്നതിനും, വീക്ഷിക്കുന്നതിനും, ചിന്തിക്കുന്നതിനും, പ്രവർത്തിക്കുന്നതിനും പകരമല്ല പ്രാർത്ഥന.”

സ്കോട്ട്ലണ്ട്കാരനായ പ്രസിദ്ധനായ പ്രാസംഗികൻ, ഡോ. പി.എഫ്. ഫോർസിത്ത്, ഒരിക്കൽ പറഞ്ഞു, “സംസാരത്തിന്റെ ഏറ്റവും ഉയർന്ന ഉപയോഗമാണ് പ്രാർത്ഥന.”

“പ്രാർത്ഥനയിൽ കൂടി, അതിരുള്ള മനുഷ്യൻ അതിരില്ലാത്ത ദൈവത്തിന്റെ ശക്തിയെ ലഘുവായി തട്ടുകയാണ്.”



© 2009 Truth for Today